# കേരള സംസ്ഥാന മനുഷ്യാവകാശകമ്മീഷൻ

ഹാജർ : കെ.ബൈജുനാഥ്,
ബഹു. ആക്ടിംഗ് ചെയർമാൻ & ജുഡീഷ്യൽ അംഗം

എച്ച്.ആർ.എം.പി. നമ്പർ : 3249/11/12/2022/ TVM

പരാതികക്ഷി : രാജുഏറത്തിൽ കടപ്പുറം
കായിക്കര,അഞ്ചുതെങ്ങ്,തിരുവനന്തപുരം

എതിർകക്ഷികൾ : സജിത്ത്,സബ് ഇൻസ്പെക്ടർ
അയിരൂർ പോലീസ് സ്റ്റേഷൻ

ഉത്തരവ് തീയതി 27.05.2024

പരാതികക്ഷി ഓട്ടോറിക്ഷ ഓടിച്ചാണ് കഴിഞ്ഞുവരുന്നതെന്നും, അഞ്ചുതെങ്ങ് മാമ്പള്ളിയിലുള്ള വിക്ടോറി എന്ന സ്ത്രീ സ്ഥിരമായി മീൻ വിൽപ്പനക്കായി ടിയാൻെറ വാഹനമാണ് ഉപയോഗിച്ചുവരുന്നതെന്നും, 13/05/2022 തീയതി ടി വിക്ടോറിയുടെ പേഴ്സും മൊബൈലും താൻ മോഷ്ടിച്ചുവെന്ന കളവായ പരാതിയിന്മേൽ എതിർകക്ഷി ടിയാനെ അയിരൂർ പോലീസ് സ്റ്റേഷനിൽ കൊണ്ട് വന്ന് മൃഗീയമായി മർദ്ദിച്ച് അവശനാക്കിയതായും, എതിർകക്ഷിയുടെയും കണ്ടാലറിയാവുന്ന മറ്റൊരു പോലീസുകാരൻെറയും അടിയും ഇടിയും ചവിട്ടും തൊഴിയുമേറ്റ തനിക്ക് ശരീരം മുഴുവൻ വേദനയും, ഇടത് കാൽ വെള്ളയിൽ നീരും രക്തം കട്ടപിടിക്കുകയും ചെയ്തിരുന്നതായും, പോലീസ് സ്റ്റേഷനിൽ നിന്നും ഇറങ്ങി ആയൂർവേദ ചികിത്സ തേടുകയുണ്ടായതായും പരാതിയിൽ പറയുന്നു. പിറ്റേദിവസം രാവിലെ 10 മണിയോടുകൂടി ഭാര്യയുടെയും ഒരു ബന്ധുവിൻെറയും സഹായത്തോടെ ഓട്ടോ റിക്ഷ തിരികെ ലഭിക്കുന്നതിനായി അയിരൂർ പോലീസ് സ്റ്റേഷനിൽ പോയെങ്കിലും എതിർകക്ഷി തന്നെ ചീത്തവിളിച്ച് സ്റ്റേഷനിൽ നിന്നും ആട്ടിയിറക്കിയെന്നും തുടർന്ന് വൈകുന്നേരം 5 മണിക്ക് ടി സ്റ്റേഷനിലെ സർക്കിൾ ഇൻസ്പെക്ടറെ നേരിൽ കണ്ട് കാര്യം പറഞ്ഞതിനെ തുടർന്ന് അദ്ദേഹത്തിൻെറ നിർദ്ദേശപ്രകാരമാണ് ഓട്ടോറിക്ഷ വിട്ടു കിട്ടിയതെന്നും, പോലീസ് മർദ്ദനത്തിനെ തുടർന്നുണ്ടായ ശരീരവേദന മാറാത്തതിനാൽ 16/05/2022 തീയതി ചിറയിൻകീഴ് ആശുപത്രിയിൽ എത്തി ചികിത്സ തേടിയതായും, തന്നെ മാരകമായി ഉപദ്രവിച്ച പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നിയമ നടപടികൾ കൈകൊള്ളണമെന്നും മറ്റുമാണ് പരാതി സംഗതി.

പരാതി വിഷയത്തിൽ വർക്കല ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് ഒരു റിപ്പോർട്ട് സമർപ്പിച്ചു. ടി പരാതിയിൽ അന്വേഷണം നടത്തിയതിൽ രജിത എന്നയാൾ അയിരൂർ സ്റ്റേഷനിൽ ഹാജരായി താൻ കച്ചവടം ചെയ്തുകൊണ്ടിരിക്കുന്ന സമയം ടിയാളുടെ മൊബൈൽഫോണും 300 രൂപയും

അടങ്ങിയ പേഴ്സും കാണാനില്ലായെന്നും ആയത് ചന്തയിൽ ഉണ്ടായിരുന്ന കണ്ടാലറിയാവുന്ന ഒരാൾ എടുത്തുകൊണ്ട് പോയതായി സംശയിക്കുന്നതായും പരാതി നൽകിയതിനെ തുടർന്ന് അയിരൂർ പോലീസ് സബ് ഇൻസ്പെക്ടറായ സജിത്തും പാർട്ടിയും നടത്തിയ അന്വേഷണത്തിൽ പരാതിക്കാരൻെറ ഓട്ടോയിൽ നിന്നും ആയത് കണ്ടെത്തുകയും, ടിയാനെ സ്റ്റേഷൻ ജീപ്പിൽ കൂട്ടികൊണ്ട് വന്നതായും എന്നാൽ ശ്രീമതി രജിതയ്ക്ക് നഷ്ടമായ സാധനങ്ങൾ തിരികെ കിട്ടിയാൽ മതിയെന്നും ടിയാന് എതിരെ കേസ് എടുക്കുന്നതിൽ താൽപര്യമില്ലായെന്ന് രേഖാമൂലം ആവശ്യപ്പെടുകയാൽ ടി ഫോണും പേഴ്സും തിരികെ നൽകി പരാതി പരിഹരിച്ചിട്ടുള്ളതാണെന്നും, പരാതികക്ഷിയെ ദേഹോപദ്രവം ഏൽപ്പിച്ചതായി വെളിവായിട്ടില്ലായെന്നും റിപ്പോർട്ടിൽ കാണുന്നു. കൂടാതെ പരാതി സംഗതിയിൽ വസ്തുനിഷ്ഠമായ അന്വേഷണം നടത്തി നടപടികൾ സ്വീകരിക്കേണ്ടതും പരാതികൾക്കിടയാകാത്ത തരത്തിൽ ഡ്യൂട്ടി നോക്കുന്നതിന് അയിരൂർ എസ്.ഐ നിർദ്ദേശം നൽകിയിട്ടുണ്ടെന്നും റിപ്പോർട്ടിൽ കാണുന്നു.

റിപ്പോർട്ടിന്മേൽ പരാതികക്ഷി ഹാജരായി ആക്ഷേപം ബോധിപ്പിച്ച സാഹചര്യത്തിൽ കമ്മീഷൻെറ അന്വേഷണ വിഭാഗത്തോട് അന്വേഷിച്ച് റിപ്പോർട്ട് ഹാജരാക്കാൻ ആവശ്യപ്പെടുകയും ആയത് ലഭിക്കുകയും ചെയ്തു.

പ്രസ്തുത റിപ്പോർട്ടിൻെറ കണ്ടെത്തലുകൾ ഇപ്രകാരമാണ്;

*''രജിത എന്ന സ്ത്രീയുടെ മൊബൈൽ ഫോണും പണവും അടങ്ങിയ സഞ്ചി ആരോ മോഷണം ചെയ്തുവെന്ന പരാതി 13.05.2022 രാവിലെ അയിരൂർ എസ്.ഐ-ക്ക് ലഭിച്ചു. മോഷണം പോയ മൊബൈൽ ഫോണിന്റെ ടവർ ലൊക്കേഷൻ മനസ്സിലാക്കിയാണ്, മൊബൈൽ മോഷണം പോയ സ്ത്രീയെയും കൂട്ടി എസ്.ഐ പുന്നമൂട് ചന്തയിലെത്തിയത്. അവിടെ വച്ച്, രജിത മൊബൈൽ മോഷണം പോയ സ്ഥലത്ത് വച്ച് സംശയാസ്പദമായി കണ്ട ഓട്ടോ ഡ്രൈവറെ (പരാതിക്കാരനെ) തിരിച്ചറിയുകയും, എസ്.ഐ ടിയാന്റെ ഓട്ടോറിക്ഷ പരിശോധിച്ചതിൽ, ഓട്ടോറിക്ഷയുടെ പുറക് വശത്തെ സീറ്റിനടിയിൽ നിന്ന് മൊബൈൽ ഫോണും, പണവും അടങ്ങിയ പഴ്സ് കണ്ടെത്തുകയുണ്ടായി. തുടർന്ന് ഓട്ടോ ഡ്രൈവർ രാജുവിനെ പോലീസ് ജീപ്പിൽ അയിരൂർ പോലീസ് സ്റ്റേഷനിലേക്ക് കൂട്ടിക്കൊണ്ട് വന്നു. ടി സംഭവത്തിലേക്ക് കേസ് രജിസ്റ്റർ ചെയ്യുന്നതിനായി രജിതയുടെ മൊഴി രേഖപ്പെടുത്തുന്നതിനിടെ, രാജുവിന്റെ ഭാര്യയും, മകനും, മറ്റ് ബന്ധുക്കളും അയിരൂർ സ്റ്റേഷനിൽ എത്തുകയും കേസ് ഒഴിവാക്കുന്നതിനായി രജിതയോട് അപേക്ഷിക്കുകയും ചെയ്തു. ഫോണും പണവും തിരിച്ച് കിട്ടിയതിനാൽ തുടർ നടപടികൾ ആവശ്യമില്ലായെന്ന് രജിത രേഖാമൂലം എഴുതി നൽകിയതിന്റെ അടിസ്ഥാനത്തിൽ രാജുവിനെ കർശനമായ താക്കീത് നൽകി ടിയാന്റെ ഭാര്യയുടേയും, മറ്റുമൊപ്പം പോകാൻ അയിരൂർ എസ്.ഐ അനുവദിച്ചിട്ടുള്ളതാണ്.*

*തുടർന്ന് 16.05.2022 (സംഭവത്തിന് 3 ദിവസങ്ങൾക്ക് ശേഷം) രാജു ചിറയിൻകീഴ് താലൂക്ക് ആശുപത്രിയിൽ, അയിരൂർ പോലീസ് ടിയാനെ ഉപദ്രവിച്ചുവെന്ന് ആരോപിച്ച് ചികിത്സ തേടിയിട്ടുണ്ട്. ടി ചികിത്സാ രേഖ പരിശോധിച്ചതിൽ രാജുവിന് മുതുകിലും, ഇടത്-വലത് കാൽ വെള്ളയിലും, ഇടത് കൈയ്യിലും വേദനയുള്ളതായി രാജു ഡോക്ടറോട് പറഞ്ഞിട്ടുണ്ട്. ടിയാനെ പരിശോധിച്ച ഡോക്ടർ പ്രശാന്തിന്റെ റിപ്പോർട്ട് പരിശോധിച്ചതിൽ, രാജുവിന്റെ ശരീരത്തിൽ* "No external injuries were noted on the whole body" *എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. പരാതിക്കാരൻ*

പോലീസിൽ നിന്നും ദേഹോപദ്രവമേറ്റതായി പറയുന്നത് 13.05.2022 നാണ്. ടിയാൻ ചികിത്സക്കായി പോയിരിക്കുന്നത് 16.05.2022 നാണ്. 20.05.2022 –നാണ് ടിയാൻ ബഹു. മനുഷ്യാവകാശ കമ്മീഷനിൽ പരാതി നൽകിയതായി കാണുന്നത്. പരാതിക്കാരന് എതിർകക്ഷിയിൽ നിന്നും ദേഹോപദ്രവം ഏറ്റു എന്ന് അന്വേഷണത്തിൽ വെളിവായിട്ടില്ലാത്തതാണ്. മൊബൈൽ മോഷണ സംബന്ധമായ പരാതിയിൽ, രാജുവിനെ പൊതു സ്ഥലത്ത് നിന്നും എതിർകക്ഷി പോലീസ് ജീപ്പിൽ കയറ്റി സ്റ്റേഷനിലെത്തിച്ചതിലുള്ള. വിഷമം കൊണ്ടാവും, അയിരൂർ എസ്.ഐ –ക്കെതിരെ രാജു ഇത്തരമൊരു ദേഹോപദ്രവ ആരോപണം ഉന്നയിക്കാൻ കാരണം.

*തുടർ നടപടികളെക്കുറിച്ചുള്ള ശുപാർശകൾ:*

***മൊബൈൽ ഫോണും, പണവും ആരോ മോഷണം ചെയ്തുവെന്ന രജിതയുടെ മൊഴി രേഖപ്പെടുത്തുകയും, മോഷണ വസ്തുക്കൾ കണ്ടെടുക്കുകയും, മോഷണം നടത്തിയെന്ന് സംശയിക്കുന്ന ആളെ കണ്ടെത്തുകയും ചെയ്തതിന് ശേഷം ടി സംഭവത്തിലേക്ക് കേസ് രജിസ്റ്റർ ചെയ്യാത്ത അയിരൂർ എസ്.ഐ ശ്രീ. സജിത്തിനെതിരെ വകുപ്പുതല നടപടി സ്വീകരിക്കുന്നതിന് തിരുവനന്തപുരം റൂറൽ ജില്ലാ പോലീസ് മേധാവിക്ക് നിർദ്ദേശം നൽകാവുന്നതാണ്.***

റിപ്പോർട്ടിന്റെ പകർപ്പ് പരാതികക്ഷിക്ക് അയച്ചുകൊടുത്തെങ്കിലും ടിയാൻ ഹാജരാവുകയോ ആക്ഷേപം സമർപ്പിക്കുകയോ ചെയ്തിട്ടില്ല.

പരാതിയും റിപ്പോർട്ടുകളും കമ്മീഷൻ വിശദമായി പരിശോധിച്ചു. എതിർകക്ഷി പരാതിക്കാരനെ ദോഹോപദ്രവം ഏൽപ്പിച്ചതായി പരാതിയിൽ ആരോപിക്കുന്നുണ്ടെങ്കിലും വിശ്വാസയോഗ്യമായ തെളിവുകളോ പരിക്ക് സർട്ടിഫിക്കറ്റോ ടിയാൻ ഹാജരാക്കിയിട്ടില്ല. എന്നാൽ കമ്മീഷന്റെ അന്വേഷണ വിഭാഗം ഇൻസ്പെക്ടർ ഓഫ് പോലീസ് കണ്ടെത്തിയിട്ടുള്ളതുപോലെ ***മൊബൈൽ ഫോണും, പണവും ആരോ മോഷണം ചെയ്തുവെന്ന രജിതയുടെ മൊഴി രേഖപ്പെടുത്തുകയും, മോഷണ വസ്തുക്കൾ കണ്ടെടുക്കുകയും, മോഷണം നടത്തിയെന്ന് സംശയിക്കുന്ന ആളെ കണ്ടെത്തുകയും ചെയ്തതിന് ശേഷം ടി സംഭവത്തിലേക്ക് കേസ്*** രജിസ്റ്റർ ചെയ്യാത്ത എതിർകക്ഷിയുടെ നടപടി ന്യായീകരിക്കുവാൻ കഴിയുകയില്ല. ആയതിനാൽ എതിർകക്ഷി അയിരൂർ പോലിസ് സ്റ്റേഷനിൽ സേവനമനുഷ്ഠിച്ചിരുന്ന സബ് ഇൻസ്പെക്ടർ സജിത്തിനെതിരെ ഉചിതമായ വകുപ്പുതല നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് ജില്ലാ റൂറൽ പോലീസ് മേധാവിയോട് ശുപാർശ ചെയ്തുകൊണ്ട് ഈ പരാതി തീർപ്പാക്കുന്നു.

ഒപ്പ്
കെ.ബൈജുനാഥ്
ആക്ടിംഗ് ചെയർമാൻ & ജുഡീഷ്യൽ അംഗം

//ശരിപ്പകർപ്പ്//

രജിസ്ട്രാർ